ദി ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്
ഉദ്യോഗമണ്ഡൽ കോംപ്ലക്സ്, ഉദ്യോഗമണ്ഡൽ - 683501
എസ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ്
ഫോൺ : 0484-2567598, 2567298
website : www.fact.co.in

വിഷയം : ഫാക്ട് ഉദ്യോഗമണ്ഡൽ ടൗൺഷിപ്പിൽ നിൽക്കുന്ന, വീണുകിടക്കുന്ന, വെട്ടിയിട്ടിരിക്കുന്ന, മറിഞ്ഞുവീണ, ഉണങ്ങിയ, പ്ലാവ് ആഞ്ഞിലി, അക്കേഷ്യ, മാവ്, വാക, വട്ട, ശീമക്കൊന്ന, തണൽ മരങ്ങൾ തുടങ്ങിയ നമ്പറിട്ട മരങ്ങൾ, വെട്ടിയിട്ട മരക്കൊമ്പുകൾ, ചില്ലക്കൊമ്പുകൾ, തുടങ്ങിയവ വിൽക്കുന്നത് സംബന്ധിച്ച് -

സൂചന : **Tender No.AM(EST)-HO.UC-EST-001 dated 14.11.2023**

ടെൻഡർ നോട്ടീസ്, ടെൻഡർ ഫോറം, മുതലായവ എസ്റ്റേറ്റ് ഓഫീസിൽനിന്നും 100 രൂപ നിരക്കിൽ 15.11.2023 മുതൽ 30.11.2023 ഉച്ചക്ക് 12 മണിവരെ ലഭിക്കുന്നതാണ്.

| | | |
|---|---|---|
| ടെൻഡർ സമർപ്പിക്കേണ്ട സ്ഥലം | : | പി ഡി അഡ്മിനിസ്ട്രേറ്റിവ് ഓഫീസ്, ഫാക്ട്, ഉദ്യോഗമണ്ഡൽ |
| ടെൻഡർ സമർപ്പിക്കാനുള്ള തീയതി/ സമയം | : | 30.11.2023 / 2.00 പി എം |
| ടെൻഡർ തുറക്കുന്ന തീയതി / സമയം | : | 30.11.2023 / 2.30 പി എം |

ടെൻഡറിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ടെൻഡർ തീയതി നീട്ടൽ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾക്ക് ഫാക്ട് വെബ് സൈറ്റ് www.fact.co.in സന്ദർശിക്കുക.

പ്രദീപ് എ എസ്
അസിസ്റ്റന്റ് മാനേജർ (എസ്റ്റേറ്റ്)
ഫാക്ട് ഉദ്യോഗമണ്ഡൽ കോംപ്ലക്സ്

ഉദ്യോഗമണ്ഡൽ
14.11.2023

# ദി ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്

ഉദ്യോഗമണ്ഡൽ കോംപ്ലക്സ്, ഉദ്യോഗമണ്ഡൽ - 683 501

എസ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ്

ഫോൺ: 0484-2567598, 2567298.

Web site: www.fact.co.in

## ടെൻഡർ നോട്ടീസ്

AM-EST-HO.UC-EST-001

14.11.2023

**വിഷയം: ഫാക്ട് ഉദ്യോഗമണ്ഡൽ ടൗൺഷിപ്പിൽ നിൽക്കുന്ന/വീണു കിടക്കുന്ന/മുറിച്ചിട്ടിരിക്കുന്ന/ഉണങ്ങിയ/കേടായ നമ്പരിട്ട മരങ്ങൾ, മരക്കൊമ്പുകൾ വിൽക്കുന്നതു സംബന്ധിച്ച്-**

ഫാക്ട് ഉദ്യോഗമണ്ഡൽ ടൗൺഷിപ്പിൽ നിൽക്കുന്ന, വീണുകിടക്കുന്ന, കേടായ, മുറിച്ചിട്ടിരിക്കുന്ന നമ്പരിട്ട മരങ്ങൾ, മരക്കൊമ്പുകൾ (പ്ലാവ്, ആഞ്ഞിലി, അക്കേഷ്യ, മാവ്, വാക, വട്ട, ശീമക്കൊന്ന, തണൽ മരങ്ങൾ, തുടങ്ങിയവ), വാങ്ങുവാൻ താല്പ്പര്യമുള്ളവരിൽ നിന്നും താഴെ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി മുദ്രവെച്ച കവറുകളിൽ ടെൻഡർ ക്ഷണിച്ചുകൊള്ളുന്നു.

1. ടെൻഡറിനോടൊപ്പം നിരതദ്രവ്യമായി ടെൻഡർ ഫോറത്തിൽ ഓരോ ഇനങ്ങൾക്കും നേരെ കാണിച്ചിട്ടുള്ള തുക ഉദ്യോഗമണ്ഡലിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഫാക്ടിന്റെ A/c No.67286055955, IFSC-Code SBIN0070158-ൽ Google pay / Account Transfer ചെയ്യുകയോ, നേരിട്ട് ബാങ്കിൽ അടയ്ക്കുകയോ ചെയ്ത രസീതിന്റെ പകർപ്പ് ടെൻഡറിനൊപ്പം അടക്കം ചെയ്തിരിക്കണം. അല്ലാത്തവ നിരസിക്കപ്പെടുന്നതുമായിരിക്കും. വിജയികളായ ടെൻഡറുകാരുടെ നിരതദ്രവ്യം/സെക്യൂരിറ്റി ഡെപ്പോസിറ്റ് ടെൻഡർ പ്രകാരമുള്ള എല്ലാ മരങ്ങളും കൊണ്ടുപോയതിനുശേഷം തിരിച്ച് കൊടുക്കുന്നതായിരിക്കും.
2. ഓരോ ഇനത്തിനും പ്രത്യേകമായി തുക എഴുതേണ്ടതാണ്. ഏറ്റവും കൂടുതൽ തുക എഴുതുന്ന ആളിനായിരിക്കും ഓരോ ഇനവും കൊടുക്കുന്നത്.
3. ടെൻഡർ തുക ടെൻഡർ ഫോറത്തിൽ ഓരോ ഇനത്തിന്റെ നേരെയുള്ള കോളത്തിൽതന്നെ എഴുതേണ്ടതാണ്. ടെൻഡർ തുക അക്ഷരത്തിലും അക്കത്തിലും എഴുതേണ്ടതാണ്. ടെൻഡർ ഫോറത്തിലല്ലാതുള്ളവ നിരസിക്കുന്നതായിരിക്കും.
4. ഈ ടെൻഡറിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ, നമ്പരിട്ട മരങ്ങൾ/വെട്ടിയിട്ടിരിക്കുന്ന തടികൾ, കൊമ്പുകൾ തുടങ്ങിയവ അതാതു സ്ഥലത്തുചെന്ന് പരിശോധിക്കുകയും അവയുടെ അവസ്ഥകൾ വ്യക്തമായി മനസ്സിലാക്കി തുക എഴുതേണ്ടതാണ്. അതിനുശേഷം പരാതികൾ ലഭിച്ചാൽ പരിഗണിക്കുന്നതല്ല.
5. വിജയിയായ ടെൻഡറുകാരൻ/കാർ എസ്റ്റേറ്റിൽ നിന്നുള്ള നിർദ്ദേശം ലഭിച്ച് 3 ദിവസത്തിനകം ടെൻഡർ തുകയും നികുതികളും സെക്യൂരിറ്റി ഡെപ്പോസിറ്റും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഉദ്യോഗമണ്ഡൽ ബ്രാഞ്ചിലെ ഫാക്ടിന്റെ A/c No.67286055955, IFSC-Code

SBIN0070158-ൽ അടക്കേണ്ടതാണ്. അതിൽ വീഴ്ച വരുത്തുന്ന ടെൻഡറുകാരനെ/കാരെ ഭാവിയിലെ ടെൻഡറുകളിൽ പങ്കെടുപ്പിക്കുന്നതല്ല. അയാളുടെ ഇ എം ഡി കമ്പനിയിലേക്ക് കണ്ടുകെട്ടുന്നതാണ്.

6. വിജയിയായ ടെൻഡറുകാരൻ/ടെൻഡറുകാർ ടെൻഡർ തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റായി കമ്പനിയിൽ അടയ്ക്കേണ്ടതാണ്. കമ്പനിയിൽ ഈ ടെൻഡറിനായി അടച്ച നിരതദ്രവ്യം കഴിച്ച് ബാക്കി തുക അടച്ചാൽ മതിയാവുന്നതാണ്.
7. വിജയിച്ച ടെൻഡറുകാർ, ടെൻഡർ തുക മുഴുവനും ഗവണ്മെന്റ് നിയമപ്രകാരമുള്ള ജി എസ് ടിയും, ടി സി എസും, ബാധകമായ എല്ലാ മറ്റു നികുതികളോടും കൂടി ടെൻഡർ അംഗീകരിച്ച, അറിയിപ്പുകിട്ടി 3 (മൂന്ന്) ദിവസത്തിനകം, എസ്റ്റേറ്റ് ഓഫീസിൽ നിന്നുള്ള നിർദ്ദേശപ്രകാരം അടയ്ക്കേണ്ടതാണ്. ഇതിനു പുറമെ ക്വോട്ട് ചെയ്ത തുകയും ജി എസ് ടിയും ചേർത്തുള്ള തുകയുടെ 5% ഫോറസ്റ്റ് വികസന നികുതിയായി അടയ്ക്കേണ്ടതാണ്.
8. മരങ്ങൾ എസ്റ്റേറ്റ് ഓഫീസ് നിർദ്ദേശിക്കുന്ന മുൻഗണനാപ്രകാരം, ടെൻഡർ ലഭിച്ച ആൾ മുറിച്ചുമാറ്റി കൊണ്ടുപോകേണ്ടതാണ്. ടെൻഡർ വ്യവസ്ഥകളിലോ, മരങ്ങൾ കൊണ്ടുപോകുന്ന കാര്യത്തിലോ എന്തെങ്കിലും സംശയം വന്നാൽ എസ്റ്റേറ്റ് ഓഫീസുമായി ബന്ധപ്പെട്ട് സംശയനിവൃത്തി വരുത്തേണ്ടതാണ്.
9. ടെൻഡറിൽ ലഭിച്ച മരങ്ങൾ മാത്രമേ വെട്ടുകയോ, കയറ്റിക്കൊണ്ടു പോകുകയോ ചെയ്യാൻ പാടുള്ളൂ. മേല്പ്പടി ജോലികൾ ചെയ്യേണ്ടത് എസ്റ്റേറ്റ് സ്റ്റാഫിന്റെയോ സി ഐ എസ് എഫിന്റെയോ സാന്നിദ്ധ്യത്തിൽ ആയിരിക്കണം. അല്ലാത്ത പക്ഷം, ബാക്കി മരങ്ങൾ കൊണ്ടുപോകാൻ അവരെ അനുവദിക്കുന്നതല്ല. ആയതിന്റെ പേരിൽ യാതൊരു നഷ്ടപരിഹാരവും അനുവദിക്കുന്നതല്ല.
10. വൃക്ഷങ്ങൾ കൊണ്ടുപോകുന്നതിനുള്ള അധികാരപത്രം എസ്റ്റേറ്റ് ഓഫീസിൽനിന്നും വാങ്ങി മറ്റു വസ്തുവകകൾക്ക് യാതൊരുവിധ നഷ്ടങ്ങളും വരുത്താതെ 15 ദിവസത്തിനുള്ളിൽ കൊണ്ടുപോകേണ്ടതും, എന്തെങ്കിലും നഷ്ടമുണ്ടായാൽ ആയതു ടെൻഡറുകാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും. ടെൻഡർ തുക, നികുതികൾ, സെക്യൂരിറ്റി ഡെപ്പോസിറ്റ്, എന്നിവ നിശ്ചിത സമയത്തിനുള്ളിൽ അടയ്ക്കാത്ത പക്ഷം, നിരതദ്രവ്യം കമ്പനിയിലേക്ക് മുതൽകൂട്ടുന്നതും ടെൻഡറുകാരനെ/കാരെ, തുടർന്നുള്ള കമ്പനിയുടെ യാതൊരുവിധ ടെൻഡറുകളിലും പങ്കെടുക്കാൻ അനുവദിക്കുന്നതും അല്ല.
11. ടെൻഡർ തുകയും നികുതികളും 10% സെക്യൂരിറ്റി തുകയും നിശ്ചിത സമയത്തിനുള്ളിൽ അടച്ച് വൃക്ഷങ്ങൾ കൊണ്ടുപോകാത്തപക്ഷം നിരതദ്രവ്യം കമ്പനിയിലേക്ക് മുതൽകൂട്ടുന്നതും കമ്പനിക്ക് യുക്തമെന്നു തോന്നുന്നവിധം വൃക്ഷങ്ങൾ വിൽക്കുന്നതും അതുമൂലമുണ്ടാകുന്ന സകല നഷ്ടത്തിനും ടെൻഡറുകാരൻ/കാർ ഉത്തരവാദിയായിരിക്കുന്നതുമാണ്. ടി ടെൻഡറുകാരനെ/കാരെ ഭാവിയിൽ കമ്പനിയുടെ ഒരു ടെൻഡറിലും പങ്കെടുപ്പിക്കുന്നതല്ല.
12. ടെൻഡർ ഫോറത്തിന്റെ വിലയായ 100 രൂപ (നൂറു രൂപ) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഉദ്യോഗമണ്ഡൽ ബ്രാഞ്ചിൽ ഫാക്ട് അക്കൗണ്ടിൽ അടയ്ക്കുകയോ, Google pay / Account Transfer ചെയ്ത രസീത് എസ്റ്റേറ്റ് ഓഫീസിൽ ഹാജരാക്കി ടെൻഡർ ഫോറം കൈപ്പറ്റേണ്ടതുമാകുന്നു.

13. വിജയിയായ ടെൻഡറുകാരൻ/കാർ ടെൻഡർ പ്രകാരം ലഭിച്ച മരങ്ങൾ എസ്റ്റേറ്റ് ഓഫീസിൽ നിന്നുള്ള അനുവാദം കിട്ടി 15 ദിവസങ്ങൾക്കുള്ളിൽ കൊണ്ടുപോകുകയും അവശിഷ്ടങ്ങൾ നീക്കം ചെയ്യുകയും ചെയ്യാത്തപക്ഷം വൈകുന്ന ഓരോ ആഴ്ചക്കും ടെൻഡർ തുകയുടെ 0.5% വീതം ലികിഡേറ്റഡ് ഡാമേജസ് (എൽ ഡി) ആയി കമ്പനി ഈടാക്കുന്നതാണ്. വീഴ്ചവരുത്തുന്നവരെ പിന്നീട് ബാക്കിയുള്ള മരങ്ങൾ കൊണ്ടുപോകാൻ അനുവദിക്കുന്നതല്ല. കമ്പനിക്ക് ഉണ്ടാകുന്ന നഷ്ടം അവരിൽ നിന്നും ഈടാക്കുന്നതായിരിക്കും.
14. വിജയിയായ ടെൻഡറുകാരൻ/കാർ അവർക്കു ടെൻഡറിൽ ലഭിച്ച മരങ്ങൾ മാത്രമേ വെട്ടുകയോ/കൊണ്ടുപോകുകയോ ചെയ്യാൻ പാടുള്ളൂ. വേറെ മരങ്ങൾ വെട്ടുകയോ/ടെൻഡറിൽ പറയാത്ത വെട്ടിയിട്ട തടികൾ കൊണ്ടുപോകുകയോ ചെയ്താൽ അവർക്ക് ടെൻഡറിൽ ലഭിച്ച മരങ്ങളും കൊണ്ടുപോകാൻ അനുവദിക്കുന്നതല്ല. കൂടാതെ അവർക്കെതിരെ നിയമനടപടികളും സ്വീകരിക്കുന്നതായിരിക്കും.
15. ടെൻഡർ കവറിന്റെ പുറത്ത് ടെൻഡർ നോട്ടീസിന്റെ നമ്പരും, തീയതിയും എഴുതിയിരിക്കണം. പൂരിപ്പിച്ച ടെൻഡറുകൾ ഓഫീസർ (അഡ്മിനിസ്ട്രേഷൻ), പി ഡി അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ഫാക്ട് ലിമിറ്റഡ്, ഉദ്യോഗമണ്ഡൽ പി. ഒ., 683 501 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.
16. ടെൻഡറുകൾ 30.11.2023 വ്യാഴാഴ്ച ഉച്ചയ്ക്ക് 2 മണിവരെ പി ഡി അഡ്മിനിസ്ട്രേഷൻ ഓഫീസിൽ സ്വീകരിക്കുന്നതായിരിക്കും. അന്നു പകൽ 2.30 മണിക്ക് (രണ്ടര മണിക്ക്) ഹാജരുള്ള ടെൻഡറുകാരുടെ സാന്നിദ്ധ്യത്തിൽ ടെൻഡർ തുറക്കുന്നതായിരിക്കും.
17. സമയപരിധി കഴിഞ്ഞുള്ള ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.
18. മരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10.30 മണി മുതൽ വൈകുന്നേരം 4 മണി വരെ പരിശോധിക്കാവുന്നതാണ്. എസ്റ്റേറ്റ് ഓഫീസിൽ നിന്നും രാവിലെ 10.30 മുതൽ ഉച്ചതിരിഞ്ഞ് 2 മണിവരെ മരങ്ങൾ കൊണ്ടുപോയി കാണിക്കുവാനുള്ള ആളെ ഏർപ്പെടുത്തുന്നതായിരിക്കും.
19. വിജയിയായ ടെൻഡറുകാരൻ/ടെൻഡറുകാർ എസ്റ്റേറ്റ് ഓഫീസിൽ നിന്നുള്ള അനുവാദം കിട്ടി, ടെൻഡർ പ്രകാരം കിട്ടിയ മരങ്ങൾ/കൊമ്പുകൾ കൊണ്ടുപോകേണ്ടതും അവശിഷ്ടങ്ങൾ ഉൾപ്പെടെ പ്രസ്തുത സ്ഥലത്തുനിന്നു 15 ദിവസങ്ങൾക്കുള്ളിൽ നീക്കം ചെയ്യേണ്ടതും, നീക്കം ചെയ്യാത്ത പക്ഷം ആയതിനു ചിലവാകുന്ന തുക ടെൻഡറുകാരിൽ നിന്നും ഈടാക്കുന്നതുമായിരിക്കും. ഇങ്ങനെ ചെയ്യാത്ത ടെൻഡറുകാരനെ ഭാവിയിൽ കമ്പനിയുടെ യാതൊരുവിധ ടെൻഡറുകളിലും പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.
20. വിജയിയായ ടെൻഡറുകാരൻ, മരങ്ങൾ, വെട്ടിയിട്ട മരങ്ങൾ എന്നിവ കൊണ്ടുപോകുന്ന/മാറ്റുന്ന സമയത്ത് കമ്പനിയുടെ വസ്തുവകകൾക്ക് എന്തെങ്കിലും നാശനഷ്ടങ്ങൾ ഉണ്ടാക്കിയാൽ ടെൻഡറുകാരനിൽനിന്നും ആ തുക ഈടാക്കുന്നതായിരിക്കും. കമ്പനി കോമ്പൗണ്ടിലും തൊട്ടടുത്ത മറ്റു സ്ഥലങ്ങളിലും വെട്ടിയിട്ടിരിക്കുന്ന ടെൻഡറിൽ ഉൾപ്പെടുത്തിയ മരങ്ങൾ കമ്പനി നിർദ്ദേശിക്കുന്ന സമയത്തു തന്നെ നീക്കേണ്ടതാണ്.

21. വിജയിയായ ടെൻഡറുകാരന്റെ/കാരുടെ നിരതദ്രവ്യം/സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതലായവ കമ്പനി സാമഗ്രികൾക്ക് യാതൊരുവിധ കേടുപാടുകളും വരുത്താതെ നിശ്ചിത സമയത്തിനുള്ളിൽ ടെൻഡറിൽ ലഭിച്ച മരങ്ങൾ കൊണ്ടുപോയതിനുശേഷം നൽകുന്നതായിരിക്കും.

22. വിജയിയായ ടെൻഡറുകാരൻ/കാർ ടെൻഡറിൽ ലഭിച്ച മരങ്ങൾ മാറ്റുന്ന അവസരത്തിൽ എസ്റ്റേറ്റിൽനിന്നുള്ള അനുവാദപത്രം കൈവശം വയ്ക്കേണ്ടതാണ്. കമ്പനി ഉദ്യോഗസ്ഥർ/സി.ഐ.എസ്.എഫ്. ഉദ്യോഗസ്ഥർ മുതലായവർ ആവശ്യപ്പെട്ടാൽ അനുവാദപത്രം കാണിക്കേണ്ടതുമാണ്.

23. ടെൻഡറുകാരൻ ഏർപ്പെടുത്തുന്ന ജോലിക്കാർ മുതലായവരെ സംബന്ധിച്ച് നിയമപരമായ ഉത്തരവാദിത്വങ്ങൾ കമ്പനിക്ക് ഉണ്ടായിരിക്കുന്നതല്ല. വെട്ടിയ മരങ്ങൾ നീക്കുന്നതിനിടയിലോ, ട്രാൻസ്പോർട്ടിങ് തുടങ്ങിയ ജോലിക്കിടയിലോ ജോലിക്കാർക്ക് എന്തെങ്കിലും അപകടം സംഭവിച്ചാൽ കമ്പനിയ്ക്ക് യാതൊരുവിധ ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല. ആ കാര്യത്തിലുള്ള മുഴുവൻ ചുമതലയും ടെൻഡറുകാരനിൽ നിക്ഷിപ്തമാണ്. എന്നാലും ജോലി ചെയ്യുമ്പോൾ എല്ലാവിധ സുരക്ഷാ മാനദണ്ഡങ്ങളും നിർബ്ബന്ധമായും അനുസരിക്കേണ്ടതാണ്/പാലിക്കേണ്ടതാണെന്നും ഓർമ്മിപ്പിക്കുന്നു.

24. ടെൻഡറുകാരൻ ടെൻഡർ നോട്ടീസിലെ നിബന്ധനകൾക്കു വിധേയമായി പ്രവർത്തിക്കേണ്ടതാണ്. ഈ ടെൻഡറിനെ സംബന്ധിച്ചുള്ള ഏതു തർക്കത്തിനും ജനറൽ മാനേജർ (എച്ച് ആർ & എ)ന്റെ, തീരുമാനം അന്തിമമായിരിക്കുന്നതാണ്.

25. ടെൻഡറുകാരൻ ഏർപ്പെടുത്തുന്ന ജോലിക്കാർ തുടങ്ങിയവരുടെ നിയമാനുസൃതമായ എല്ലാ ഉത്തരവാദിത്വങ്ങളും ടെൻഡറുകാരനു മാത്രമായിരിക്കും. കമ്പനിയ്ക്ക് ഈ കാര്യത്തിൽ യാതൊരുവിധ ഉത്തരവാദിത്വങ്ങളുമുണ്ടായിരിക്കുന്നതല്ല.

26. യാതൊരു കാരണവും പറയാതെ ടെൻഡർ ഭാഗികമായോ മുഴുവനുമായോ വേണ്ടെന്നു വയ്ക്കാനോ, മാറ്റിവയ്ക്കാനോ ഉള്ളതായ അധികാരം അസിസ്റ്റന്റ് മാനേജർ (എസ്റ്റേറ്റിൽ) നിക്ഷിപ്തമാണ്.

27. കമ്പനിയുടെ ടെൻഡറുകളിലെ പൊതു വ്യവസ്ഥകൾ ഈ ടെൻഡറിനും ബാധകമായിരിക്കും.

ഉദ്യോഗമണ്ഡൽ
14.11.2023

അസിസ്റ്റന്റ് മാനേജർ (എസ്റ്റേറ്റ്)
ഫാക്ട് ഉദ്യോഗമണ്ഡൽ കോംപ്ലക്സ്